കെ.എസ്.എ.പി.റ്റി.എ.പി11/1385/2016 തീയതി: 10/01/2017

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)- വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാംവകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | കെ.എസ്.എ.പി.റ്റി.എ /പി11/1385/2016 തീയതി 10.01.17 |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പന്തളം തെക്കേക്കര ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിലെ 12-07-2016 മുതൽ 01-12-2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 05-12-2016 മുതൽ 17-12-2016 വരെ | ശ്രീ.എൻ.പ്രദീപ് കുമാർ (ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി.സി.വീണ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി.ലേഖ ജനാർദ്ദനൻ (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ പി.വി.വിദ്യാധരപ്പണിക്കർ | 01-04-2015മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ | 01-04-2015 മുതൽ 31-03-2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ,ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

അനുബന്ധ രേഖകൾ

1)റസിപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

2)ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്

3)ബാലൻസ് ഷീറ്റ്

4)ഓഡിറ്റ് സർട്ടിഫിക്കറ്റ്


| സൂചിക | | |
|---|---|---|
| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
| | ഭാഗം- 1 | |
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തനത് വരുമാനം | 1-5 |
| 6 | നിർബന്ധിത വകയിരുത്തലുകൾ | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. | 2-1 |
| 14 | വസ്തു നികുതി - പരിഷ്കരണ നടപടികൾ അപൂർണ്ണം | 2-2 |
| 15 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം | 2-3 |
| 16 | ഡി & ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല. | 2-4 |
| 17 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | |
| | ഭാഗം-3 | |
| 18 | പറന്തൽ പി.എച്ച്.സി. മെയിന്റനൻസ് | 3-1 |
| 19 | പഞ്ചായത്ത് മിനി ഓഡിറ്റോറിയം നിർമ്മാണം | 3-2 |
| 20 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് | 3-3 |
| 21 | പഞ്ചായത്തിന്റെ വകയായുള്ള വിവിധ കെട്ടിടങ്ങൾക്ക് വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല | 3-4 |
| 22 | പ്രാഥമികാരോഗ്യ കേന്ദ്രം - ലാബ് ടെക്നീഷ്യൻ ഇല്ലാതെ ഉപകരണങ്ങൾ നശിക്കുന്നു | 3-5 |
| 23 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | |
| 24 | തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസിനായുള്ള കരാർ | 3-7 |
| 25 | പൊതു കിണറുകളുടെ പുനരുദ്ധാരണം | 3-8 |
| 26 | ടി.എച്ച്.ആർ.എസ്. - അമൃതം ന്യൂട്രിമിക്സ് | 3-9 |
| 27 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 3-10 |
| 28 | കുടിവെള്ളക്കരം - പാഴ്ചെലവ് | 3-11 |
| 29 | ആശ്രയ പദ്ധതി | 3-12 |
| 30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-13 |
| 31 | പൗരാവകാശരേഖ | 3-14 |
| 32 | എ.ബി.സി. പ്രോഗ്രാം | 3-15 |
| 33 | മീഡിയാശ്രീ | 3-16 |
| | ഭാഗം-4 | |

| | | |
|---|---|---|
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-3 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 38 | ഓഡിറ്റ് റിക്കവറി | 4-5 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി. | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)/ചെലവ്. | | യഥാർത്ഥ തുക. | കുറവ്. | കുറവ് ശതമാനത്തിൽ |
|---|---|---|---|---|---|---|
| 2015-16 | 20.02.14 | വരവ് | 120329282 | 74216607 | 46112675 | 38.32 |
| | | ചെലവ് | 99411000 | 64739923 | 34671077 | 34.87 |

| 2015-16-ലെ ബജറ്റ് പാസ്സാക്കിയ നം./തീയതി | പുതുക്കിയ തീയതി |
|---|---|
| ഭരണസമിതിയുടെ 11-03-2015 ലെ I-ാം നമ്പർ തീരുമാനം | 04-03-2016 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ, സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. എന്നാൽ അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (-/+) |
|---|---|---|---|
| കെട്ടിട നികുതി | 2400000 | 3008815 | +608815 |
| പരസ്യം | 15000 | 0 | -15000 |
| ഡി&ഒ ലൈസൻസ് | 100000 | 83260 | -16740 |
| പെർമിറ്റ് ഫീസ് | 100000 | 95736 | -4264 |

പിരിച്ചെടുക്കുവാൻ അനുമതി നൽകിയിട്ടുള്ള പരസ്യ നികുതി, ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയത് പിരിച്ചെടുത്തിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്ക് ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

## 1-2 സാമ്പത്തിക വിശകലനം

2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പെയ്മെന്റ് കണക്കുകളെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വിശകലനമാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| മുന്നിരിപ്പ് | 24726926 |

| | |
|---|---|
| വരവ് | 49489681 |
| ആകെ | 74216607 |
| ചെലവ് | 64739923 |
| നീക്കിയിരുപ്പ് | 9476684 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | 496349 | 1474257 | 4099904 | 6070510 | 6070510 | 0 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി ) | 1435741 | 4279023 | - | 5714764 | 5714764 | 0 | 0 | 100 |
| വികസന ഫണ്ട് (റ്റി.എസ്.പി ) | 0 | 0 | - | 0 | 0 | - | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9321396 | 25723105 | - | 35044501 | 35044501 | - | - | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 834240 | 2241078 | - | 3075318 | 3075318 | - | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2936728 | 1524575 | - | 4461303 | 4461303 | - | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - | - | - |
| KLGSDP | 2114018 | 967317 | - | 3081335 | 3081335 | - | - | 100 |

## 1-4 പദ്ധതി അവലോകനം

2015-16സാമ്പത്തിക വർഷത്തെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായിനടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം ) | നടപ്പാക്കാത്തവ (എണ്ണം ) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 182 | 78700816 | 159 | ഇല്ല | 23 | 57880344 | 87% |

## 1-5 തനത് വരുമാനം

| ഇനം | 2014-15 | 2015-16 | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3415820 | 3050222 | -365598 |
| നികുതിയേതര വരവുകൾ | 1482649 | 341299 | -1141350 |
| മറ്റു വരവുകൾ | 805920 | 201921 | -603999 |
| ആകെ | 5704389 | 3593442 | -2110947 |

## 1-6 നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | വകയിരുത്തൽ | ചെലവ് |
|---|---|---|
| വനിതാ ഘടക പദ്ധതി | 1814000 | 1147250 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 2502922 | 2425519 |
| പാലിയേറ്റീവ് കെയർ | - | - |
| ഖരമാലിന്യ നിർമ്മാർജ്ജനം | - | - |
| പരിസ്ഥിതി സംരക്ഷണം | - | - |
| യുവജന വികസന പദ്ധതി | 687110 | 68285 |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 21 | 10642283 | 20 | 3883984 | 36% |
| സേവനം | 70 | 24072870 | 60 | 14789594 | 61% |
| പശ്ചാത്തലം | 91 | 43985663 | 79 | 39206766 | 89% |
| മേഖലാ വിഭജനത്തിൽ പെടാത്തത് | 182 | 78700816 | 159 | 57880344 | 74% |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 509 | 4338840 |
| വിധവാപെൻഷൻ | 759 | 7339480 |
| 50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 38 | 359840 |
| വാർദ്ധക്യകാലപെൻഷൻ | 1352 | 8971740 |
| വികലാംഗപെൻഷൻ | 235 | 2149470 |
| ആകെ | 2893 | 23159370 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-12-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7158/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിലെ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടെങ്കിലും ഭൂമി സംബന്ധമായ വിവരങ്ങൾ കൃത്യമല്ല. സർവ്വേ നമ്പരുകളോ ഭൂമിയുടെ വിസ്തീർണമോ ആധികാരികമായി ഉൾപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ഡി.സി.ബി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ജനറൽ കമ്മിറ്റിയുടെയും മിനിറ്റ്സ് ബുക്കുകൾ കൃത്യമായി തയ്യാറാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്, കടിവെള്ളക്കരം എന്നീ ഇനങ്ങളിൽ വർഷം തോറും ഭീമമായ തുക ചെലവഴിച്ച വരുന്നത് കറയ്ക്കുവാൻ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികളൊന്നുംതന്നെ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി മോണിറ്ററിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കി പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകൾ പ്രകാരം വസ്തുനികുതി പുനർനിർണയം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.03.2016 | മാർച്ച് 2016 (ഒരുമാസം) | 23.06.2016 |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 23-08-2011മുതൽ 29-08-2011 വരെ | 2008-09, 2009-10, 2010-11 | 10-01-2012 |

## 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) എല്ലാ മാസത്തെയും രസീത് ആൻറ് പേമെൻറ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും മേയ്, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഡിസംബർ, ജനവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ 10-ാം തീയ്യതിക്കകം സമർപ്പിച്ചിട്ടില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള നിർവ്വഹണ പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്/ആദായ നികുതി/നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിലുൾപ്പെടുത്തിയിട്ടില്ല.

3) വസ്തുനികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിനും വസ്തുനികുതി കുടിശ്ശികയിൽ അധികം കിടക്കുന്ന തുകകൾ ജേർണൽ എൻട്രി ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

4) വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

5) പഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള/ലഭിക്കാനുള്ളവയിൽ, ലഭ്യത സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6) ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

8) സാമ്പത്തിക പത്രികകളിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

9) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 57 & 58 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള വിഷയങ്ങളിൽ സെക്രട്ടറി നടപടി/ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10) വസ്തുനികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് ജേർണൽ എൻട്രി നടത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. വ്യാപാരസ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കുന്ന സമയത്താണ് അവരിൽ നിന്നും 2 അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കി വരുന്നത്. ഇവരിൽ നിന്നും ജീവനക്കാരുടെ വരുമാനം സംബന്ധിച്ച ചട്ടപ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല. ആയതിനാൽ ഈടാക്കിയ നികുതിയിൽ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. തൻമൂലം വരുമാനത്തിൽ കുറവുണ്ടാകാനിടയുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1, 110 | ബിജു കെ എൻ, സെക്രട്ടറി, സാരഥി സ്വയം സഹായ സംഘം, പെരുംപുളിക്കൽ, മരപ്പണി വ്യവസായ യൂണിറ്റ്. | 6 |
| 2 | VII, I/190 | കെ.എം മോഹനക്കുറുപ്പ്, കാവുള്ളതിൽ വീട്, പാറക്കര വീട്, തട്ടയിൽ. വെൽഡിംഗ് വർക്ക് ഷോപ്പ് | 2 |
| 3 | X/341 | റജി റ്റി റ്റി,തെങ്ങുവിളയിൽ, പൊങ്ങലടി, പറന്തൻ പി ഒ | 2 |

| | | | |
|---|---|---|---|
| | | പലചരക്ക് ഹോൾസെയിൽ വ്യാപാരം. | |
| 4 | IX/320 | തോമസ് മത്തായി, ലിജോ ഭവൻ, കരുവാറ്റ.<br>തടിമിൽ | 2 |
| 5 | VI/2B,13/2 | റജി റ്റി റ്റി,തെങ്ങുവിളയിൽ, പൊങ്ങലടി, പറന്തൻ പി ഒ<br>ഹോളോ ബ്രിക്സ്, ഇന്റർ ലോക്ക് ഉല്പാദനം | 4 |
| 6 | IV/134D | സി. കെ രവിശങ്കർ, ചരുവീട്ടിൽ തെക്കേതിൽ,തട്ടയിൽ പി ഒ<br>പെട്രോൾ പമ്പ് | 4 |
| 7 | XIV/363 | യോഹന്നാൻ, വി.റ്റി. പീസ് കോട്ടേജ്, പറന്തൻ പി ഒ<br>ഹോളോ ബ്രിക്സ് നിർമാണം | 3 |
| 8 | VII/483 | സെബാസ്റ്റ്യൻ ആന്റണി, ചിറയിൽ വീട്, വള്ളിക്കോട് | 2 |
| 9 | II/228A | തമ്പി പി, കല്ലറവിള വടക്കേതിൽ, തട്ടയിൽ പി ഒ, പൊങ്ങലടി, സോഡ നിർമാണം. | 2 |
| 10 | VII/364A | എം കെ ആനന്ദവല്ലിയമ്മ, താമരയ്യത്ത് കോൺക്രീറ്റ് പ്രോഡക്ട്സ്, മന്നം നഗർ പി ഓ, ഹോളോബ്രിക്സ് നിർമാണം | 12 |
| 11 | XIV/309E | ഉഷാംബിക ആർ, പ്രണവം, പറന്തൻ പി ഒ, പന്തളം.ഹോളോ ബ്രിക്സ് നിർമാണം | 7 |
| 12 | VII/356 | ശാന്തൻ ജി,പെരുമ്പ്രാൻ, വടക്കേതിൽ, ഇടമാലി, തട്ടയിൽ പി ഒ, ഹോളോ ബ്രിക്സ് നിർമാണം | 5 |

കേരളാ പഞ്ചായത്ത് രാജ് നിയമത്തിലും, അനുബന്ധ ചട്ടങ്ങളിലും നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പരമാവധി പാലിച്ചുകൊണ്ട് തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികാരികൾ പ്രത്യേകിച്ച് ധനകാര്യ സ്ഥിരം സമിതി സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പരിഷ്കരണ നടപടികൾ അപൂർണ്ണം

വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്ന മുറയ്ക്ക് നികുതിദായകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ നികുതി ഒടുക്കുവാൻ കഴിയണം എന്ന ലക്ഷ്യത്തോടെയാണ് വസ്തുനികുതി കംപ്യൂട്ടറൈസേഷൻ സംവിധാനം ആവിഷ്കരിച്ചത്. എന്നാൽ വസ്തു നികുതി പരിഷ്കരണ നടപടികൾ സംബന്ധിച്ച് ഗുരുതരമായ കൃത്യവിലോപമാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. 01-04-2013 ൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിർണ്ണയിച്ചതിന്റെ വിവരങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയ സോഫ്റ്റ് വെയറിൽ പൂർണ്ണമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വാർഡ് നം | ആകെ കെട്ടിടങ്ങളുടെ എണ്ണം | വസ്തു നികുതി പുതുക്കി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം | വസ്തു നികുതി പുതുക്കി നിർണ്ണയിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| I | 538 | 495 | 43 |
| II | 453 | 377 | 76 |
| III | 411 | 393 | 18 |
| IV | 560 | 509 | 51 |
| V | 479 | 414 | 65 |
| VI | 633 | 500 | 133 |
| VII | 654 | 547 | 107 |
| VIII | 567 | 482 | 85 |
| IX | 456 | 438 | 18 |
| X | 524 | 509 | 15 |

| | | | |
|---|---|---|---|
| XI | 436 | 324 | 122 |
| XII | 438 | 346 | 92 |
| XIII | 467 | 424 | 43 |
| XIV | 479 | 428 | 51 |

01.04.2013-ന ശേഷം നികുതി നിർണയിച്ച കെട്ടിടങ്ങളിൽ എത്ര എണ്ണത്തിന്റെ ഡേറ്റാ എൻട്രി നടത്തി, ബാക്കി എത്ര എണ്ണത്തിന്റെ ഡേറ്റാ എൻട്രി നടത്താൻ ബാക്കി നിൽക്കുന്നു എന്നതിന്റെ കൃത്യമായ വിവരം ലഭ്യമല്ല. നികുതി പുനർ നിർണ്ണയം നടത്തിയവയുടെ കാര്യത്തിൽ പുതുക്കിയ നികുതിയുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുമില്ല. കെട്ടിടങ്ങൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളിൽ പിശകുണ്ട്. അതിനാൽ നികുതി ദായകർക്ക് നികുതി ഒടുക്കുവാൻ കാലതാമസം വരുന്നു. പലപ്പോഴും നികുതി ഒടുക്കുവാൻ വരുന്ന സമയത്താണ് പലരുടെയും വസ്തു നികുതി പുനർ നിർണ്ണയിക്കുന്നത്. പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച മൂലം നികുതിദായകർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്. കൂടാതെ നികുതി പുനർനിർണ്ണയത്തിലെ അപാകതമൂലം വസ്തുനികുതിയുടെ ഡി.സി.ബി. കൃത്യമല്ല. വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി സംബന്ധിച്ച് ഭരണ തലത്തിൽ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

## 2-3 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണം - വരുമാനച്ചോർച്ചയ്ക്ക് സാധ്യത

പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.എഫ്.എ. ആർ, കെട്ടിടത്തിന്റെ വിസ്തീർണ്ണം, നിലകളുടെ എണ്ണം, അപേക്ഷാ ഫീസ്, പെർമിറ്റ്ഫീസ്, അപേക്ഷ ക്ളാർക്കിനു ലഭിച്ച തീയതി, അപേക്ഷ സമർപ്പിച്ച തീയതി, അപേക്ഷ കൂടുതൽ നടപടികൾക്കായി കൈമാറിയ തീയതി, അപേക്ഷ തിരികെ ലഭിച്ച തീയതി, മറുപടി ലഭിച്ച തീയതി, പണി പൂർത്തീകരിച്ച തീയതി, സമർപ്പിച്ച പ്ളാനിൽ നിന്നും വ്യത്യാസങ്ങളുണ്ടോ, അസസ്മെന്റ് നമ്പർ, പെർമിറ്റ് നിരസിച്ചോ ഇല്ലയോ, എന്നീ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തുന്നില്ല.തൻമൂലം കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ കഴിയില്ല. ഇത് തനത് വരുമാനത്തിൽ ചോർച്ച ഉണ്ടാകാൻ ഇടയാക്കുന്നു. രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. പെർമിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിലുണ്ടാകുന്ന വരുമാന നഷ്ടത്തിന് ബന്ധപ്പെട്ട സെക്ഷനും സൂപ്പർവൈസറി തസ്തികയിലെ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കും.

## 2-4 ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല

തൻ വർഷം ഡി &ഒ ലൈസൻസ് എടുത്ത 131 സ്ഥാപനങ്ങളിൽ 7 സ്ഥാപനങ്ങൾ മാത്രമാണ് ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ (31.3.15-ന മുമ്പ്) അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2015 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 2-5 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി പിരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എ, ബി, സി, ഡി, ഇ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല. തനത് വരുമാനം വളരെ കുറവായിട്ടും ഇക്കാര്യത്തിൽ കാര്യക്ഷമമായ നടപടി സ്വീകരിക്കാത്തത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. പരസ്യ നികുതി പിരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.

ജി.ഒ.(പി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് ഈടാക്കേണ്ട വസ്തുനികുതി ച.മീറ്ററിന് 400 മുതൽ 500 രൂപ വരെയാണ്. പഞ്ചായത്ത് കമ്മറ്റി 27-10-11 ൽ കൂടിയ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് പ്രദേശത്തെ മൊബൈൽ ടവറുകൾക്ക് ച.മീറ്ററിന് 500 രൂപ വീതം ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും മൊബൈൽ ടവറുകളുടെ വസ്തു നികുതി ബന്ധപ്പെട്ട കമ്പനികൾ/വസ്തു ഉടമകൾ വർഷങ്ങളായി അടയ്ക്കുന്നില്ല. ഇത് സംബന്ധിച്ച് വിശദ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുമില്ല.

| ടവറിന്റെ വിവരം/വസ്തു ഉടമയുടെ പേരും മേൽവിലാസവും | വാർഡ് നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | അഭിപ്രായം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഇൻഡസ് ടവേഴ്സ് | 3 | 405 | 23 ച മീ | 15870 | |
| ഓമനയമ്മ, പ്ലാവിള കിഴക്കേതിൽ<br><br>തട്ടയിൽ പി ഒ | 9 | 290 | 15 | 6900 | മൊബൈൽ കമ്പനി ഏതെന്ന് വ്യക്തമല്ല |
| എൻ.ഗൗരിക്കുട്ടി, ശശി വിലാസം,<br><br>മല്ലിക | 9 | 395 | 11.9 | 8211 | " |
| സി പി ജോണി& റോസമ്മ | 13 | 421 | 24 | 12420 | " |
| സുരേഷ, പ്ലാവിളയിൽ,പാറക്കര | 12 | 330 | 18 | 9000 | " |
| എ റ്റി സി ടെലകോം ടവർ കമ്പനി ലിമിറ്റഡ് | 8 | 583 | 32 | 22080 | |
| ഭാരതി ഇൻഫ്രാടെൽ, (എയർടെൽ), എൻഎച്ച് ബൈപാസ്സ്,മരട് പി ഒ<br><br>കൊച്ചി | | | 12 | 6900 | |
| ബി എസ് എൻ എൽ | | | | | |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കടിശ്ശിക പിഴപ്പലിശ ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പറന്തൽ പി.എച്ച്.സി മെയിന്റനൻസ് - അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് അധിക നിരക്ക് നൽകി.

പറന്തൽ പി.എച്ച്.സി - യുടെ മെയിന്റനൻസിന്റെ ഭാഗമായി അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയിട്ടുണ്ട്.

പറന്തൽ പി.എച്ച്.സി - യുടെ മെയിന്റനൻസിനായി (പ്രോജക്ട് നംപർ SO 67/15) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി നടപ്പാക്കിയത് കരാറുകാരൻ മുഖേന ആയിരുന്നു. ടെണ്ടർ നടപടികളിലൂടെ എസ്റ്റിമേറ്റിനേക്കാൾ 8.01 % കുറഞ്ഞ നിരക്കിൽ കെ.ജി.വിൽസൺ, എൻ.എസ്. കോട്ടേജ്, പറന്തൽ എന്ന കരാറുകാരനെ പ്രവൃത്തി ഏൽപിച്ചു. (എഗ്രിമെന്റ് നംപർ - 23 /AE/14-15 തീയതി 26-11-14) നിലവിലുള്ള ഓട് ഇളക്കി മാറ്റൽ, തറ ടൈൽസ് പാകൽ, ട്രസ്സ് , അലൂമിനിയം ട്രഫോർഡ് ഷീറ്റ് എന്നിവ സ്ഥാപിക്കൽ, പി.വി.സി സീലിംഗ്എന്നീ പ്രവൃത്തികളാണ് ചെയ്തത്. 317444 രൂപ പ്രവൃത്തിമൂല്യം നിർണ്ണയിച്ച് 298398 രൂപ കരാറുകാരന് പ്രതിഫലം ഇനത്തിൽ നൽകിയിട്ടുണ്ട്. (Bankers Cheque No 421582 / 26-8-15 പ്രകാരം 237444 രൂപ; 295875 / 2-3-15 പ്രകാരം 60954 രൂപ).

പ്രവൃത്തിയുടെ 6-ാമത് ഇനമായി 0.40 എം.എം കനത്തിലുള്ള അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് 152.04 ച. മീറ്റർ വിസ്തൃതിയിൽ ആണ് റൂഫിംഗ് നടത്തിയിട്ടുള്ളത് . ആയതിന് 8970 / 10 ച.മീ. നിരക്കിൽ 136380 രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്. എന്നാൽ 0.40 എം.എം കനത്തിലുള്ള ഈയിനം ഷീറ്റിന് 10 ച.മീറ്ററിന് 6354 രൂപ (കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടെ) മാത്രമാണ് അനുവദനീയമായ നിരക്ക്. വിശദാംശം ചുവടെ ചേർക്കുന്നു.

മാർക്കറ്റിൽ ലഭ്യമായ 3 m നീളമുള്ളതും, 0.95 m വീതിയുള്ളതും, 0.40 mm കനമുള്ളതുമായ അലൂമിനിയം ട്രഫോർഡ് ഷീറ്റിന്റെ ഭാരം 3.65 Kg ആണ്. അതായത്, 2.85 ച.മീറ്റർ ഉള്ള പ്രസ്തുത ഷീറ്റിന്റെ ഭാരം 3.65 Kg ആണ്. ആയതിനാൽ 1 ച.മീറ്റർ ഷീറ്റിന്റെ ഭാരം 1.281 Kg ആണ്.

ഒബ്സർവ്ഡ് ഡാറ്റാ.

| | |
|---|---|
| 11.5 ച.മീ.അലൂമിനിയം ട്രഫോർഡ് (powder coated) ഷീറ്റിന്റെ വില<br><br>11.5 x 1.281 Kg=14.73 Kg @290/Kg | 4272 |
| 22 nos GI Bolt, 0.733 Kg @81/Kg | 59.37 |
| 22 nos Bitumin Washer @ 2/10 nos | 4.4 |
| 14.73Kg അലൂമിനിയം ഷീറ്റിന്റെ കടത്തുകൂലി @ 323 / ടൺ | 4.76 |
| ലേബർ | |
| 1.35 nos കാർപ്പെന്റർ @ 500 / E | 675 |
| 1.35 nos പുരുഷൻ @ 377 /E | 508.95 |
| ആകെ | 5525 |
| കരാറുകാരന്റെ ലാഭവിഹിതം 10 % + ഓവർഹെഡ് ചാർജ് 5 % | 829 |

| | |
|---|---|
| അനുവദനീയമായ നിരക്ക് 10 ച. മീറ്ററിന് | 6354 |

10 ച.മീറ്ററിന് 6354 രൂപ നിരക്കിൽ 152.04ച.മീറ്ററിന് 96606രൂപ മാത്രമാണ് അർഹമായ പ്രതിഫലം. തെറ്റായ നിരക്ക് ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് അംഗീകരിച്ചതിന് അസി. എക്സി. എഞ്ചിനിയർ കൂടി നിർവ്വഹണ ഉദ്യോഗസ്ഥനൊപ്പം ഉത്തരവാദിയാണ് എന്ന് വിലയിരുത്തുന്നു. അധികം നൽകിയ തുക 39774രൂപ (136380-96606) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-2 പഞ്ചായത്ത് മിനി ഓഡിറ്റോറിയം നിർമ്മാണം - അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് അധിക നിരക്ക് നൽകി.

പഞ്ചായത്ത് മിനി ഓഡിറ്റോറിയം നിർമ്മാണത്തിന്റെ ഭാഗമായി അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി നടപ്പാക്കിയത് (പ്രോജക്ട് നംപർ SO 125/16) കരാറുകാരൻ മുഖേന ആയിരുന്നു. ടെണ്ടർ നടപടികളിലൂടെ എസ്റ്റിമേറ്റിനേക്കാൾ 12% കുറഞ്ഞ നിരക്കിൽ സുനിൽ മാത്യു, മങ്കുഴിത്തറയിൽ, മല്ലിക എന്ന കരാറുകാരനെ പ്രവൃത്തി ഏൽപിച്ചു. (എഗ്രിമെന്റ് നംപർ - 109/AE/PTK/14-15 തീയതി 4-5-15 ) പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് അനുബന്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ രണ്ടാംനിലയിലായി 150 ച.മീറ്റർ വിസ്തൃതിയിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. സിമിന്റ് കട്ട ഉപയോഗിച്ച് ഭിത്തി കെട്ടി, ട്രസ്സ്, അലൂമിനിയം ട്രഫോർഡ് ഷീറ്റ് എന്നിവ സ്ഥാപിക്കുക ആണ് ചെയ്തിട്ടുള്ളത്. 526479 രൂപ പ്രവൃത്തിമൂല്യം നിർണ്ണയിച്ച് 494890 രൂപ കരാറുകാരന് പ്രതിഫലം ഇനത്തിൽ നൽകിയിട്ടുണ്ട്. (Bankers Cheque No 627841 / 28-7-15 പ്രകാരം 360872 രൂപ; 627842 / 28-7-15 പ്രകാരം 134018രൂപ)

പ്രവൃത്തിയുടെ 8 ാമത് ഇനമായി 0.43 എം.എം കനത്തിലുള്ള അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ച് 225 ച. മീറ്റർ വിസ്തൃതിയിൽ ആണ് റൂഫിംഗ് നടത്തിയിട്ടുള്ളത് . ആയതിന് 7324.4 / 10 ച.മീ. നിരക്കിൽ 164799രൂപ പ്രതിഫലമായി നൽകിയിട്ടുണ്ട്. എന്നാൽ 0.43 എം.എം കനത്തിലുള്ള ഈയിനം ഷീറ്റിന് 10 ച.മീറ്ററിന് 6733 രൂപ (കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടെ) മാത്രമാണ് അനുവദനീയം. വിശദാംശം ചുവടെ ചേർക്കുന്നു.

മാർക്കറ്റിൽ ലഭ്യമായ 3 m നീളമുള്ളതും, 0.95 m വീതിയുള്ളതും, 0.43 mm കനമുള്ളതുമായ അലൂമിനിയം ട്രഫോർഡ് ഷീറ്റിന്റെ ഭാരം 3.93 Kg ആണ്. അതായത്, 2.85 ച.മീറ്റർ ഉള്ള പ്രസ്തുത ഷീറ്റിന്റെ ഭാരം 3.93 Kg ആണ്. ആയതിനാൽ 1 ച.മീറ്റർ ഷീറ്റിന്റെ ഭാരം 1.38 Kg ആണ്.

ഒബ്സർവ്ഡ് ഡാറ്റാ.

| | |
|---|---|
| 11.5 ച.മീ.അലൂമിനിയം ട്രഫോർഡ് (powder coated) ഷീറ്റിന്റെ വില<br>11.5 x 1.38 Kg=15.87 Kg @290/Kg | 4602 |
| 22 nos GI Bolt, 0.733 Kg @81/Kg | 59.37 |
| 22 nos Bitumin Washer @ 2/10 nos | 4.4 |
| 15.87 Kg അലൂമിനിയം ഷീറ്റിന്റെ കടത്തുകൂലി @ 323 / ടൺ | 5.13 |
| ലേബർ | |
| 1.35 nos കാർപ്പെന്റർ @ 500 / E | 675 |
| 1.35 nos പുരുഷൻ @ 377 /E | 508.95 |
| ആകെ | 5855 |
| കരാറുകാരന്റെ ലാഭവിഹിതം 10 % + ഓവർഹെഡ് ചാർജ് 5 % | 878 |
| അനുവദനീയമായ നിരക്ക് 10 ച. മീറ്ററിന് | 6733 |

10 ച.മീറ്ററിന് 6733 രൂപ നിരക്കിൽ 225ച.മീറ്ററിന് 151493രൂപ മാത്രമാണ് പ്രതിഫലം നൽകാവുന്നത്. തെറ്റായ നിരക്ക് ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് അംഗീകരിച്ചതിന് അസി. എക്സി. എഞ്ചിനിയർ കൂടി നിർവ്വഹണ ഉദ്യോഗസ്ഥനൊപ്പം ഉത്തരവാദിയാണ് എന്ന് വിലയിരുത്തുന്നു. അധികം നൽകിയ തുക 13306രൂപ (164799 - 151493) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നുംതുല്യമായി തുക ഈടാക്കേണ്ടതാണ്.

## 3-3 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് - പര്യാപ്തമാംവിധം ഫണ്ട് വകയിരുത്തുന്നില്ല

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് പദ്ധതികൾ നടപ്പാക്കുന്നെങ്കിലും ആവശ്യകതക്ക് പര്യാപ്തമായ ഫണ്ട് വകയിരുത്തുന്നില്ല.

2014-15, 2015-16 വർഷങ്ങളിൽ മരുന്ന് വാങ്ങുന്നതിന് 200000 രൂപ വീതം മാത്രമാണ് ഫണ്ട് വകയിരുത്തി പദ്ധതികൾ നടപ്പാക്കിയത്. ഇക്കാരണത്താൽ മാസങ്ങളായി പല പ്രധാന മരുന്നുകളും സ്റ്റോക്കിൽ ഇല്ലാത്ത സ്ഥിതിയാണുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | മരുന്നിന്റെ പേര് | മരുന്ന് സ്റ്റോക്കിൽ ഇല്ലാതെ ആയ തീയതി |
|---|---|---|
| 1 | പ്രമേഹൗഷധി | 5-7-16 |
| 2 | മുറിവെണ്ണ | 4-9-16 |
| 3 | കർപ്പൂരാദി തൈലം | 5-9-16 |
| 4 | അഗസ്ത്യരസായനം | 7-7-16 |
| 5 | താലീസപത്രാദിചൂർണ്ണം | 22-6-16 |
| 6 | ധന്വന്തരം കുഴമ്പ് | 25-6-16 |

| | | |
|---|---|---|
| 7 | പിണ്ഡതൈലം | 1-4-16 |
| 8 | കൊട്ടംചുക്കാദിതൈലം | 4-9-16 |
| 9 | ത്രിഫലാദിചൂർണ്ണം | 7-5-16 |
| 10 | വാതവിധ്വംസിനി തൈലം | 9-7-16 |
| 11 | വാതമർദ്ദനം കുഴമ്പ് | 4-3-16 |

മരുന്നുകൾ സ്റ്റോക്കിൽ ഇല്ലാതെ മാസങ്ങളായി തുടരുന്നത് ആയുർവ്വേദ ഡിസ്പെൻസറിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. ആവശ്യകതക്ക് ഉതകുംവിധം പര്യാപ്തമായ ഫണ്ട് മരുന്ന് വാങ്ങുന്നതിനായുള്ള പദ്ധതിക്ക് വകയിരുത്താത്തതാണ് ഈ അവസ്ഥയിലേക്ക് നയിച്ചത് എന്ന് വിലയിരുത്തുന്നു.

മതിയായ ഫണ്ട് വകയിരുത്തി മരുന്ന് വാങ്ങുന്നതിനായുള്ള പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## 3-4 പഞ്ചായത്തിന്റെ വിട്ടുകിട്ടിയ വിവിധ കെട്ടിടങ്ങൾക്ക് വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തികൾ നടപ്പാക്കുന്നില്ല - അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ വകയായുള്ള വിവിധ കെട്ടിടങ്ങൾക്ക് വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തികൾക്ക് കഴിഞ്ഞ രണ്ട് വർഷമായി പദ്ധതി അംഗീകാരം വാങ്ങുന്നെങ്കിലും നടപ്പാക്കുന്നില്ല. നിർവ്വഹണത്തിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും എസ്റ്റിമേറ്റ് എടുത്ത് സാങ്കേതികാനുമതി വാങ്ങുന്നതിന് ഇതേവരെ കഴിഞ്ഞിട്ടില്ല. അംഗീകാരം വാങ്ങിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | അടങ്കൽ തുക |
|---|---|---|
| 1 | പഞ്ചായത്ത് സാംസ്കാരിക നിലയം വൈദ്യുതീകരണം SO74/16 | 605000 |
| 2 | വൃദ്ധജനങ്ങളുടെ പകൽവീട് വൈദ്യുതീകരണം SO75/16 | 60000 |
| 3 | ഹോമിയോ ഡിസ്പെൻസറി വൈദ്യുതീകരണം SO 76/16 | 111500 |
| 4 | നോമ്പുഴി ഗവ. എൽ.പി.എസ് ഓഡിറ്റോറിയം വൈദ്യുതീകരണം<br>SO 77/16 | 111500 |
| 5 | പാറക്കര കുടുംബശ്രീ വിപണനകേന്ദ്രത്തിന് വൈദ്യുതീകരണം<br>SO78/16 | 62000 |

പഞ്ചായത്ത് സാംസ്കാരിക നിലയം, കുടുംബശ്രീ വിപണനകേന്ദ്രം ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നില്ല. നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ വൈദ്യുതീകരണം ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികൾ സഹിതം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്ന് 16.11.13-ലെ ജി.ഒ.(എം.എസ്.) 362/13/തസ്വഭവ നമ്പരായുള്ള പദ്ധതിനിർവ്വഹണ മാർഗ്ഗരേഖ പ്രകാരവും, TC No. CE (B&R) No. 12/84, തീയതി 9.8.1984സാർവ്വത്രിക സർക്കുലർ പ്രകാരവുമുള്ള നിർദ്ദേശങ്ങൾ പാലിക്കാഞ്ഞതിനാലാണ് ഇത്തരം സ്ഥിതിവിശേഷം സംജാതമായത് എന്ന് വിലയിരുത്തുന്നു.

മേൽസൂചിപ്പിച്ച പ്രവൃത്തികൾക്ക് അടിയന്തിരമായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും എസ്റ്റിമേറ്റ് എടുപ്പിക്കേണ്ടതും, വൈദ്യുതീകരണം പൂർത്തിയാക്കി കെട്ടിടങ്ങൾ ഉപയോഗക്ഷമമാക്കേണ്ടതുമാണ്.

## 3-5 പ്രാഥമികാരോഗ്യ കേന്ദ്രം - ലാബ് ടെക്നീഷ്യൻ ഇല്ലാത്തതിനാൽ ലാബ് ഉപകരണങ്ങൾ നശിക്കുന്നു

പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 7 / 2015 മുതൽ നാളിതുവരെയായി ലാബ് ടെക്നീഷ്യൻ ഇല്ല. ഇക്കാരണത്താൽ ലാബ് പ്രവർത്തിക്കുന്നില്ല. ആശുപത്രി മാനേജിംഗ് കമ്മിറ്റി മുഖേന കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലാബ് ടെക്നീഷ്യന് 4 മാസമായി ശമ്പളം നൽകാതെ കുടിശ്ശിക വന്നതിനെത്തുടർന്ന് സ്വമേധയാ ജോലി ഉപേക്ഷിച്ച് പോയി. ഒരു വർഷത്തിലേറെയായി ലബോറട്ടറി പ്രവർത്തനരഹിതമായതിനാൽ മൈക്രോസ്കോപ്പ്, സെൻട്രിഫ്യൂജ് എന്നീ ലാബുപകരണങ്ങൾ ഉപയോഗിക്കാതെ കേടാകുന്ന സ്ഥിതിയാണുള്ളത്. പ്രവർത്തനം ഇല്ലാത്തതിനാൽ ലാബിലെ മറ്റൊരു ഉപകരണമായ Semi- auto analyser കോന്നി താലൂക്ക് ആശുപത്രിക്ക് കൈമാറുകയും ചെയ്തു.

ലബോറട്ടറി ഇല്ലാത്ത സാഹചര്യത്തിൽ പോലും ശരാശരി 30 ഓളം രോഗികൾ ഒ.പിയിൽ എത്തുന്നുണ്ട്. ലബോറട്ടറി പ്രവർത്തനരഹിതമായത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നു. ഈ വിഷയത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ആരോഗ്യ / വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് കമ്മിറ്റിയോ നടപടി സ്വീകരിക്കാത്തത് അഭിലഷണീയമല്ല.

ലാബ് ടെക്നീഷ്യനെ നിയമിച്ച് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ലബോറട്ടറിയുടെ പ്രവർത്തനം പൂർണ്ണതോതിൽ സജ്ജമാക്കേണ്ടതാണ്.

## 3-6 നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല.

തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കിയെങ്കിലും നാളിതുവരെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഒടുക്കിയ വർഷം | ക്ഷേമനിധി വിഹിതം ആയി അയച്ച ഡി.ഡി -കളുടെ എണ്ണം | അയച്ച ഡി.ഡി -കൾ പ്രകാരമുള്ള ആകെത്തുക | കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കിയത്. | |
|---|---|---|---|---|
| | | | എണ്ണം | തുക |
| 2015-16 | 91 | 345722 | ഇല്ല | ഇല്ല |

വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ആയി 1 % തുക ഈടാക്കിയത് പ്രകാരം 3.46ലക്ഷം രൂപ തൻവർഷം ബോർഡിലേക്ക് ഡി.ഡി ആയി ഒടുക്കിയെങ്കിലും ഇതിൽ ഒന്നിനും രസീത് ലഭിക്കാഞ്ഞത് ഗുരുതരമായ അപാകതയാണ്. രസീതുകൾ ലഭിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ കത്തുകൾ അയച്ചതിന് മറുപടിയൊന്നും ലഭിച്ചിട്ടുമില്ല. ഈ വിഷയത്തിന്മേൽ തുടർനടപടിക്കായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിക്കാഞ്ഞത് ഗുരുതരമായ വീഴ്ച ആയി വിലയിരുത്തുന്നു.

ഡിമാന്റ് ഡ്രാഫ്റ്റുകൾ ഭാവിയിൽ അക്കൗണ്ട് പേയി ആയും രജിസ്റ്റേർഡ് തപാൽ മുഖേനയും അയച്ച് നൽകേണ്ടതാണ്. കൂടാതെ കൈപ്പറ്റ് രസീതുകൾ ലഭിക്കാഞ്ഞതിന്മേൽ തുടർ നടപടിക്കായി ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം സർക്കാരിനെ അറിയിക്കേണ്ടതുമാണ്. ആയതിന് വീഴ്ച വരുത്തുന്ന പക്ഷം ചെലവ് നഷ്ടം ആയി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-7 തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസിനായുള്ള കരാർ - പ്രവർത്തന രഹിതമല്ലാത്ത വിളക്കുകൾക്ക് തുക ചെലവഴിച്ചത് മൂലം തനത് വരുമാന നഷ്ടം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്കുകളുടെ എ എം സി(സ്പിൽ ഓവർ) |
| പ്രോജക്ട് നം | എസ് 0088/2016 |
| അടങ്കൽ | 149600/-(തനത് ഫണ്ട്) |
| ചെലവ് | 149600/- |

അമ്മിണി എനർജി സിസ്റ്റംസിൽ നിന്നും (ഒമേഗാ ഇലക്ട്രോണിക്സ്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്, തിരുവനന്തപുരം) 6-10-2011ൽ 300 ,17-12-2011 ൽ 40, 29-03-2013ൽ 126 എന്നിങ്ങനെ ആകെ 466-സി എഫ് എൽ വിളക്കുകൾ വാങ്ങുകയുണ്ടായി. പഞ്ചായത്ത് 2013-14 മുതൽ പ്രസ്തുത ബ്രാന്റിലുള്ള സി എഫ് എൽ വിളക്കുകളുടെ മെയിന്റനൻസിനായി ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു വരുന്നു. 2015-16ൽ കരാർ പുതുക്കുന്നതിന് 15-02-2016ൽ എ2-4968/15-ാം നമ്പരായി സെക്രട്ടറി കത്തയച്ചിരുന്നുവെങ്കിലും എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. ഒരു വിളക്കിന് 440 രൂപ ക്രമത്തിൽ 340 വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് 2015-16ൽ സ്ഥാപനത്തിന് അഡ്വാൻസ് തുക നൽകിയത്. 2013-14മുതൽ ഈയിനത്തിൽ നടത്തിയ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനത്തിന് നൽകിയ തുക | റിമാർക്ക്സ് |
|---|---|---|
| 2013-14 | 95200(280 x 340) | - |
| 2014-15 | 205040(440 x 466) | - |
| 2015-16 | 149600(440 x 340) | ഡി ഡി നം 668707/27.07.2015 49900<br>ഡി ഡി നം 668708/27.07.2015 49900<br>ഡി ഡി നം 668709/27.07.2015 49800 |

സ്ഥാപനവുമായി അന്തിമ കരാറിൽ ഏർപ്പെടാതെ തുക നൽകിയ നടപടി ക്രമ വിരുദ്ധമാണ്.2015-16 ൽ ഒരു തവണ മാത്രമാണ് സ്ഥാപനം കേടായ വിളക്കുകൾ റിപ്പയർ ചെയ്ത് നൽകിയിട്ടുള്ളത് എന്നും നിരവധി തവണ ഫോൺ മുഖേന ആവശ്യപ്പെട്ടിട്ടും ലൈറ്റുകൾ റിപ്പയർ ചെയ്ത് തന്നില്ല എന്നും 21-04-2016 ലെ എ2-4968/15-ാം നമ്പർ കത്തിലൂടെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ അമ്മിണി എനർജി ബ്രാന്റിലുള്ള 150 സി എഫ് വിളക്കുകൾ സാമ്പത്തിക വർഷം കഴിഞ്ഞിട്ടും പ്രവർത്തന രഹിതമാണെന്നും പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.ഫലത്തിൽ 150 സി.എഫ്. വിളക്കുകളുടെ മെയിന്റനൻസിനായി ചെലവഴിച്ച 66000 രൂപ പാഴായതായി വിലയിരുത്തുന്നു.

സ്ഥപനവുമായി കരാറിൽ ഏർപ്പെടാത്തതുമൂലം നഷ്ടമായ 66000 രൂപ തിരികെ ഈടാക്കാൻ നിയമ പരമായി കഴിയില്ല. അന്തിമ കരാറിൽ ഏർപ്പെടാതെ സ്ഥാപനത്തിന് തുക നൽകുന്നതിന് 12.5.2015-ൽ തീരുമാനമെടുത്ത പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും നഷ്ടത്തിന് തുല്യ ഉത്തരവാദികളാണ്. നഷ്ടമായതുക 66000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദികളിൽ നിന്നു തുല്യമായി തിരികെ ഈടാക്കേണ്ടതാണ്.

## 3-8 പൊതുകിണറുകളുടെ പുനരുദ്ധാരണത്തിന് പദ്ധതികളില്ല.

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള ഉപയോഗരഹിതമായ പൊതുകിണറുകളും കുഴൽ കിണറുകളും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/പ്രദേശം | കുഴൽ കിണറുകൾ ഉള്ള പ്രദേശം | പൊതുകിണറുകളുടെ വിവരം |
|---|---|---|
| 1/ പെരുംപുളിക്കൽ | - | 1.പെരുംപുളിക്കൽ ലക്ഷം വീട്<br>2.കൈമലപ്പാറ |
| II/മന്നം നഗർ | 1.കാക്ക പെറുക്കി<br>2.തട്ടാന്റെ പറമ്പിൽ ഭാഗം<br>3.അയണിമുട്ടം | 1.അയണിമുട്ടം<br>2.ലക്ഷം വീട് കോളനി |
| III/പടുകോട്ടുക്കൽ | 1.ക്വയർ മല കോളനി | - |
| IV/കീരുകുഴി | 1.കോയാട്ടുകുറ്റി കോളനി | - |
| V/ഭഗവതിക്കുംപടിഞ്ഞാറ് | | 1.കീരുകുഴി ചന്ത |
| VI/ഇടമാലി | 1.പഴക്കാലാക്കുഴി ഭാഗം | 1.തോലൂഴം ചന്ത<br>2.ആയുർവേദാശുപത്രി കിണർ |
| VII/പാറക്കര | 1.വലത്തുകാട് ഭാഗം | 1.OLHS കോളനി |
| VIII/മങ്കുഴി | 1.IHDP കോളനി<br>2.കാഞ്ഞിരവിള കോളനി | 1.IHDP മങ്കുഴി |
| IX/ | - | - |
| X/മല്ലിക | 1.ഉടയാൻമുരുപ്പ് കോളനി | 1PHC പൊതുകിണർ |
| XI/മാമ്മൂട് | 1.മാമ്മൂട്<br>2.ചെന്നായ്ക്കുന്ന്<br>3.താളിയാട്ട് കോളനി | 1.മാമ്മൂട് ജംഗ്ഷൻ<br>2.ചെന്നായ്ക്കുന്ന് കോളനി<br>3.നാറാണത്ത് കോളനി |
| XII/പൊങ്ങലടി | - | 1.കലതിവിള കോളനി<br>2.ശിശു മന്ദിരം<br>3.GLPS,ചെറിലയം<br>4.PHC സബ് സെന്റർ<br>5.മുരുപ്പേൽ ഭാഗം<br>6.കുഴിക്കത്ത് ഭാഗം |
| XIII/ | - | - |
| XIV/പറന്തൽ | 1.പാലതടത്തിൽ കോളനി | - |

കൈകൊണ്ടു പ്രവർത്തിപ്പിക്കുന്ന പ്രസ്തുത കുഴൽ കിണറുകൾ പ്രവർത്തനരഹിതമായതിനാൽ അവ പുനരുജ്ജീവിപ്പിക്കുന്നതിനും പൊതുകിണറുകളും വൃത്തിയാക്കി ഉപയോഗപ്രദമാക്കുന്നതിനും ജില്ലാകളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനും അഭ്യർത്ഥിച്ച് 13-03-2016 ലെ 1(2), 1(3)നംമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നുവെങ്കിലും തുടർനടപടികൾ ഉണ്ടായില്ല.

കുഴൽകിണറുകൾ ഭൂജല വകുപ്പ് മുഖേന പുനരുദ്ധരിക്കേണ്ടതും പൊതുകിണറുകൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുമാണ്.

## 3-9 ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

പഞ്ചായത്തിന്റെ കീഴിലുള്ള 20 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽവീതം ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18-02-2016ലെ ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളിലേക്ക് നൽകി വന്നിട്ടുള്ള അമൃതം ഫുഡ് ന്യൂട്രിമിക്സ് സാമ്പിളുകൾ ഇത്തരം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയതായുള്ള റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചതു

പോലെതന്നെ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം സാമ്പിൾ പരിശോധന നടത്തേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കുന്ന സാമ്പിളുകൾ തൃപ്തികരമായ ഗുണനിലവാരം പുലർത്തുന്നില്ലെന്ന് ലാബ് റിപ്പോർട്ടിൽ തെളിയുന്നപക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യ മിശ്രിതത്തിന്റെ വില അത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം

പഞ്ചായത്ത് പരിധിയിൽ 20 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 13 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. ഒരെണ്ണം സ്കൂൾകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 6 എണ്ണം വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 7 എണ്ണത്തിന് ചുറ്റുമതിൽ ഇല്ല വൈദ്യുതി ഉള്ളത് 13 എണ്ണത്തിന് മാത്രമാണ്. രണ്ട് അങ്കണവാടി നിർമ്മിക്കുന്നതിന് (നം 51, നം 57) സ്ഥലം ലഭ്യമായിട്ടും കെട്ടിടം ഇതേവരെ നിർമ്മിച്ചിട്ടില്ല. ഗ്യാസ് കണക്ഷൻ 2 അങ്കണവാടികൾക്ക് ലഭ്യമല്ല. എല്ലായിടത്തും ഫർണിച്ചർ അപര്യാപ്തമാണ്. വാടകയ്ക്ക് പ്രവർത്തിക്കുന്ന അംഗൻവാടിക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## 3-10 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 900000 രൂപ (വികസന ഫണ്ട്-292750+ധനകാര്യ കമ്മീഷൻ അവാർഡ് - 607250) അടങ്കലുള്ള പദ്ധതി (പ്രോജക്ട് നം-എസ് 0197/2016) രൂപീകരിക്കുകയും 795000 രൂപ മീറ്റർ സ്ഥാപിക്കുന്നതിനായി പന്തളം കെ എസ് ഇ ബിക്ക് കൈമാറുകയും ചെയ്തു. (ഡി.ഡി. നം.045947 / 29.03.2016 – 187750, ഡി.ഡി. നം. 045948 / 29.03.2016 - 607250))എന്നാൽ നാളിതു വരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. കെ എസ് ഇ ബിയുമായി കരാർ എന്ന പേരിൽ ശൂന്യമായ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ ഉള്ളത്.മീറ്റർ സ്ഥാപിക്കേണ്ട സമയ പരിധി സംബന്ധിച്ച് കെ എസ് ഇ ബിയുമായി കരാറിൽ ഏർപ്പെടാതെ തുക ഡെപ്പോസിറ്റ് ചെയ്തതിനാൽ നിയമ നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ തദ്ദേശ ഭരണ വകുപ്പിന്റെ 7/7/2010 ലെ 43742/സിസി3/2010/തസ്വ ഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ പുറപ്പെടുവിച്ചിരുന്നു.ചെലവിന്റെ 50 ശതമാനം കെ എസ് ഇ ബി വഹിക്കണമെന്നും ബാക്കി തുക തദ്ദേശ ഭരണ സ്ഥാപനം നൽകണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 31.12.2014 വരെയായി പരിമിതപ്പെടുത്തിയിരുന്നു.

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം 31.12.2014നകം ഏർപ്പെടുത്താത്തത് മൂലം കെ എസ് ഇ ബിയിൽ നിന്നും ലഭിക്കുമായിരുന്ന 50 ശതമാനം സബ്സിഡി ആനുകൂല്യം പഞ്ചായത്ത് പ്രയോജനപ്പെടുത്താത്തതും തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ വ്യക്തമായ കരാറിൽ ഏർപ്പെടാത്തതും ഗുരുതരമായ കൃത്യ വിലോപമാണ്.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ തൻവർഷം 1019982/- രൂപയാണ് പഞ്ചായത്ത് ഒടുക്കിയത്. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി തനത് ഫണ്ടിൽ നിന്നുള്ള വരുമാന നഷ്ടം ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 കുടിവെള്ളക്കരം -പാഴ് ചെലവ്

കുടിവെള്ളക്കരം അടയ്ക്കുന്നതിന് 2015-16 വർഷം പ്രോജക്ട് (നം എസ് 0199/2016) രൂപീകരിച്ച് സംരക്ഷണ ഗ്രാന്റ് റോഡിതര വിഹിതത്തിൽ നിന്നു ആകെ 311649/- രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ 166വാട്ടർ ടാപ്പുകൾക്ക് 5250 രൂപ പ്രതിവർഷ നിരക്കിൽ ആകെ 871500/- രൂപ ഒരു വർഷം അടയ്ക്കേണ്ടതായുണ്ട്. 559851/- രൂപ ഈ ഇനത്തിൽ തൻവർഷം കുടിശ്ശിക വരുത്തിയിട്ടുണ്ട്.

നിലവിൽ എത്ര വാട്ടർ ടാപ്പുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് അറിയുവാൻ പഞ്ചായത്ത് അധികൃതർ കൃത്യമായ ഇടവേളകളിൽ സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾക്ക് കൂടി വെള്ളക്കരം അടയ്ക്കേണ്ടതായി വരുന്നു. 2012 ന് ശേഷം നാളിതു വരെ സംയുക്ത പരിശോധനയ്ക്ക് വേണ്ട നടപടികൾ കൈക്കൊണ്ടിട്ടില്ല.

പൊതുടാപ്പുകളുള്ള കുടിവെള്ളപദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം എന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കേണ്ടതുമാണെന്നും 12ാം പദ്ധതി ആസൂത്രണമാർഗ്ഗരേഖ സ.ഉ.(കൈ) 168/12 തസ്വഭവ തീയതി 15.06.12 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

തനത് വരുമാനം കുറവായ പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് പ്രാധാന്യം നൽകിയാൽ കുടിവെള്ളക്കരം അടയ്ക്കുന്നത് കുറയ്ക്കുവാൻ സാധിക്കുന്നതും തനത് വരുമാന നഷ്ടം ഒഴിവാക്കാവുന്നതുമാണ്.

## 3-12 ആശ്രയ പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. ആശ്രയ പദ്ധതിയുടെ 2015-16-ലെ വരവ് ചെലവ് കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 2553766 |

| | |
|---|---|
| വരവ് | 703589 |
| ആകെ | 3257355 |
| ചെലവ് | 848171 |
| നീക്കിയിരിപ്പ് | 2409184 |

31.03.16-ൽ ആശ്രയ ബാങ്ക് അക്കൗണ്ടിൽ 2409184/- രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. 2015-16 വർഷത്തെ ചെലവുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവ് തുക |
|---|---|---|
| 1 | ഭവനനിർമ്മാണം | 200000 |
| 2 | ഭക്ഷണ കിറ്റ് വിതരണം | 308699 |
| 3 | ഭവന പുനരുദ്ധാരണം | 280000 |
| 4 | വിദ്യാഭ്യാസം | 11472 |
| 5 | കക്കൂസ് നിർമ്മാണം | 24000 |
| 6 | കുടിവെള്ളകിണർ നിർമ്മാണം | 24000 |
| | ആകെ | 848171 |

പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആശ്രയ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നില്ല.ആശ്രയ രോഗികൾക്ക് ഹെൽത്ത് കാർഡ് നൽകിയിട്ടില്ല. രോഗികൾക്കുള്ള സ്ഥിരമരുന്നുകൾ സർക്കാർ ആശുപത്രികളിൽനിന്നും ലഭ്യമാക്കുവാൻ മെഡിക്കൽ ഓഫീസർ നടപടികൾ സ്വീകരിക്കുന്നില്ല. അഗതികൾക്കായി മെഡിക്കൽ ക്യാമ്പ് നടത്താറില്ല. അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ പദ്ധതിത്തുക വകയിരുത്തിയിട്ടില്ല. അഗതി കുടുംബങ്ങളെ സ്വയം പര്യാപ്തതയിലേക്കു നയിക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം നൽകുന്നതിന് സഹായകമായ പ്രത്യേക പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.

പദ്ധതിയുടെ മോണിട്ടറിംഗ് കാര്യക്ഷമമല്ല. വിലയിരുത്തൽ സമിതിയിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ ഉപസമിതി രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ട് രണ്ടുമാസത്തിലൊരിക്കൽ പഞ്ചായത്ത് സമിതി വിലയിരുത്തി വിശദ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്കു നൽകുകയും ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇപ്രകാരം ചെയ്യുന്നില്ല.

ആശ്രയ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2005-ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2008-09 സാമ്പത്തിക വർഷം മുതൽ പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2015-16 വർഷത്തെ പദ്ധതി നടത്തിപ്പു രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 134 പ്രവൃത്തികൾ നടപ്പിലാക്കിയ ഇനത്തിൽ 6432824/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1. | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3088 |

| | | |
|---|---|---|
| 2. | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3088 |
| 3. | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 337 |
| 4. | തൻവർഷത്തെ ആകെ അടങ്കൽ | 21617500 |
| 5. | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 134 |
| 6. | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 134 |
| 7. | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഇല്ല |
| 8. | തൻവർഷത്തെ ചെലവ് | 6432824 |
| 9. | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1013 |
| 10. | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1013 |
| 11. | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4 |

<u>സ്ഥായിയായ ആസ്തികൾ ആർജ്ജിക്കാൻ ഉതകുന്ന പദ്ധതികൾ ഏറ്റെടുക്കുന്നില്ല</u>

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 4-ാം വകുപ്പിലെ ഉപവകുപ്പ് (3)-ന് കീഴിലെ പട്ടിക 1പ്രകാരം ഈടുനിൽക്കുന്ന ആസ്തികളുടെ രൂപീകരണത്തിനുള്ളതും ദരിദ്രരായ ഗ്രാമീണരുടെ ജീവനോപാധികൾ ശക്തിപ്പെടുത്തുന്നതുമായ പ്രവൃത്തികളാണ് ഈ സ്കീമിൽ ഏറ്റെടുക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഓഡിറ്റ് കാലയളവിൽ 6432824 രൂപ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചെങ്കിലും സ്ഥായിയായ ആസ്തികൾ ഒന്നും തന്നെ ആർജ്ജിക്കുകയുണ്ടായിട്ടില്ല. പ്രവൃത്തിയുടെ സാധന, വേതന ഘടകം 60:40 എന്ന അനുപാതം ആയിരിക്കേണ്ടതാണെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത എല്ലാ പ്രവൃത്തികളിലും വേതന ഘടകം മാത്രം ഉൾപ്പെട്ടിരുന്നതിനാൽ സ്ഥായിയായ ആസ്തികൾ ആർജ്ജിക്കാൻ സാധിച്ചിട്ടില്ല.

<u>തൊഴിൽ അപേക്ഷകർക്ക് 100 ദിവസം തൊഴിൽ നൽകിയില്ല</u>

| വർഷം | നടപ്പിലാക്കിയ പദ്ധതികൾ | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | നല്കിയ തൊഴിൽ ദിനങ്ങൾ | നല്കാമായിരുന്ന തൊഴിൽ ദിനങ്ങൾ | നിഷേധിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | തൊഴിലാളികൾക്ക് നിഷേധിക്കപ്പെട്ട വേതനം |
|---|---|---|---|---|---|---|---|
| 2015-16 | 134 | 1013 | 1013 | 28090 | 101300 | 73210 | 16765090 |

ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽനൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ദേശീയതൊഴിലുറപ്പ നിയമപ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറായ ഓരോ കുടുംബത്തിനും സർക്കാർ ഒരു സാമ്പത്തിക വർഷം നൂറ് ദിവസത്തിൽ കുറയാതെ തൊഴിൽ നല്കേണ്ടതാണ്. എന്നാൽ തൊഴിലിനപേക്ഷിച്ച എല്ലാ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കുന്നതിന് ആവശ്യമായത്ര പദ്ധതികൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയില്ല. ഓഡിറ്റ് വർഷം 4 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസം തൊഴിൽ നൽകാനായിട്ടുള്ളത്. സ്ഥിരമായി തൊഴിൽ ആവശ്യപ്പെടുന്ന തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനാവശ്യമായ പ്രോജക്ടുകൾ പഞ്ചായത്ത് ഏറ്റെടുക്കാത്തതിനാൽ മേൽകാണിച്ചിരിക്കുന്ന പ്രകാരം 73210 തൊഴിൽ ദിനങ്ങളും, അതനനുസരിച്ച് തൊഴിലാളികൾക്ക് വേതനം ഇനത്തിൽ

ലഭിക്കുമായിരുന്ന 16765090 രൂപയും നഷ്ടപ്പെട്ടു. പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ ഗ്രാമപഞ്ചായത്തിന് ആർജ്ജിക്കാമായിരുന്ന സാമ്പത്തിക പുരോഗതിയും നഷ്ടപ്പെടുകയുണ്ടായി.

തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നൽകാൻ കഴിയുന്ന രീതിയിലുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതും, നടപ്പിലാക്കേണ്ടതുമാണ്. പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനും കേന്ദ്ര വിഹിതം പൂർണ്ണമായും തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 3-14 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല; ഗ്രാമപഞ്ചായത്ത് നടപടി ചട്ടലംഘനം

പഞ്ചായത്ത് രാജ് നിയമത്തിലെ 272 എ. വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി 'പൗരാവകാശ രേഖ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പൗരാവകാശ രേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 2004-ൽ സർക്കാർ പൗരാവകാശ രേഖ തയ്യാറാക്കൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിനുശേഷം, കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന്, പഞ്ചായത്തിന്, പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും, പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണമെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. ചട്ടം 4 പ്രകാരം പഞ്ചായത്ത് തയ്യാറാക്കുന്ന പൗരാവകാശ രേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്താഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മറ്റ് നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും അത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്.

എന്നാൽ നിലവിലെ ഭരണ സമിതി അധികാരമേറ്റിട്ട് ഓഡിറ്റ് തീയതിയിൽ ഒരു വർഷം പൂർത്തിയാക്കിയെങ്കിലും പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിയമത്തിന്റെയും, ചട്ടത്തിന്റെയും ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് കൈകൊള്ളേണ്ടതാണ്.

## 3-15 എബിസി പ്രോഗ്രാം-തുകയുടെ വിനിയോഗ രേഖകൾ ഇല്ല

| | |
|---|---|
| പ്രോജക്ട് നം | എസ് ഒ 201/16 |
| പ്രോജക്ടിന്റെ പേര് | എബിസി പ്രോഗ്രാം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം | 762 /15-16തീയതി- 24.02.2016 |
| തുക | 70000/- |

തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതുമായി ബന്ധപ്പെട്ട് ഷെൽറ്റർ, കെന്നൽ എന്നിവ നിർമ്മിക്കുന്ന പദ്ധതിക്ക് 70000/- രൂപ വികസന ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന് വിഹിതമായി നൽകിയിട്ടുണ്ട്. ടി തുകയ്ക്ക് കൈപ്പറ്റ് രേഖയോ ഷെൽറ്റർ, കെന്നൽ എന്നിവ നിർമ്മിക്കുന്നതിന് തുക വിനിയോഗിച്ചതിന്റെ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-16 പഞ്ചായത്തിന്റെ വിവരങ്ങൾ ഡോക്യുമെന്റേഷൻ ചെയ്തിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | മീഡിയാ ശ്രീ |
| പ്രോജക്ട് നം | എസ് 0196/16 |
| അടങ്കൽ | 65000/- |
| ചെലവ് | 65000/- |
| ബിൽ നം/തീയതി | 771/15-16, 26-2-2016 |

കുടുംബശ്രീ സംസ്ഥാന മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്റേഷൻ ചെയ്യുന്നതിന് 65000/- രൂപ ജില്ലാ കുടുംബശ്രീ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയ്ക്കുള്ള കൈപ്പറ്റ് രസീതോ ഡോക്യുമെന്റേഷൻ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. നാളിതുവരെ വിവരങ്ങൾ ഡോക്യുമെന്റേഷൻ ചെയ്തത് ജില്ലാ കുടുംബശ്രീ മിഷന് നൽകിയിട്ടില്ലെന്നും കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ 65000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ഡി.ഡി. നം., തീയതി | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ, പത്തനംതിട്ട | 2520000 | 7522 / 20.3.15 | കക്കൂസ് നിർമാണം (97/16 ,98/16) | 1308000 | 1212000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

സെക്രട്ടറി 2014-15 വർഷം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി/ കെ.എസ്.ഇ.ബി. എന്നിവയ്ക്ക് വികസന ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കുമ്പഴകുറ്റി കോളനി- പൈപ്പുലൈൻ ദീർഘിപ്പിക്കൽ | DD No 668865/ 04-03-16, 124486/ 25-02-16 | 600 46000 | 46600/- | Nil |
| കെ.എസ്.ഇ.ബി. - തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് | 045947/29.3.16 045948/29.3.16 | 187750 607250 | - - | 187750 607250 |
| ആകെ | | 841600 | 46600 | 795000 |

## 4-3 വായ്പ / വായ്പ തിരിച്ചടവ്

2015-16 സാമ്പത്തിക വർഷത്തെ വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | സ.ഉ (സാധാ) 563/2010ത സ്വ ഭ വ തീയതി 22.02.10 | 8806875 | 788426 | 788426 | Nil | Nil |

## 4-4 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

1) ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന അടവിൽ കുറവ് / അധികച്ചെലവ് എന്നിവയുടെ തിരിച്ചടവ്

ഇല്ല.

2) മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് / ഔദ്യോഗിക പേര് | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2013-14 | ഖണ്ഡിക നം 03-13 | 2463 | കൃഷ്ണകമാരി, പ്രകാശ് ഭവനം. കോൺട്രാക്ടർ | 11504101839/ 11-11-2015 |
| 2004-05 | ഖണ്ഡിക നം 03-09 | 10656 | കെ ബി സുഗതൻ, കുറ്റിയിൽ തെക്കേതിൽ. കോൺട്രാക്ടർ | 11504102333/ 18-01-2016 |

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3.4.5 | 2012-13 | | ദേശീയ ഗ്രാമീണ തൊഴിലുറ പദ്ധതിയിലെ രജിസ്ട്രേഷൻ,ലേബർ ബഡ്ജറ്റും നിർവ്വഹണം നടത്തിയ പ്രവൃത്തി എന്നിവയിലെ വ്യത്യാസം | ന്യൂനതകളുടെ പരിഹാര പത്രിക നൽകിയിരിക്കുന്നു |
| 2013-14 | പേജ് നം 101 | 2013-14 | | തട്ടയിൽ ഗവ.എൽ.പി. സ്കൂളിലെ ചുറ്റുമതിൽ 2010-11 വർഷത്തിൽ എസ്.എസ്.എ ഉപയോഗിച്ച് 47480/- രൂപ ചെലവഴിച്ച് പൂർത്തിയാക്കിയെങ്കിലും 2010നവംബറിലെ കനത്ത മഴയിൽ മതിൽ ഇടിഞ്ഞു വീണത് നാളിതുവരെ പുനർനിർമ്മിച്ചിട്ടില്ല. | മതിൽ പുനർനിർമ്മിച്ചിട്ടുള്ളതും, ആയത് ന്യൂനതകളുടെ പരിഹാര പത്രികയിൽ രേഖപ്പെടുത്തി നൽകിയിരിക്കുന്നതും ആകുന്നു. |
| 2013-14 | പേജ് നം 128 | 2013-14 | --- | 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ എസ്.എസ്.എ യ്ക്ക് | പഞ്ചായത്ത് നല്കുന്ന തുകയ്ക്ക് ആനുപാതികമായ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | നല്കിയ ഫണ്ടുപോലുംചെലവഴിക്കുന്നതിന് എസ്.എസ്.എ യ്ക്ക് കഴിയുന്നില്ല. | എസ്.എസ്.എ വിഹിതം ഉൾപ്പെടെ ഈ പ്രദേശത്തെ വിദ്യാഭ്യാസ ഉന്നമനത്തിനായി ചെലവഴിക്കേണ്ടതാണെന്ന് എസ്.എസ്.എയ്ക്ക് അറിയിപ്പ് നല്കിയിട്ടുള്ളതും ടി വിവരം ന്യൂനതകളുടെ പരിഹാര പത്രികയിൽ രേഖപ്പെടുത്തി നൽകിയിരിക്കുന്നതുമാണ് |

## **4-7** ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(മുന്നിരിപ്പ് ഉൾപ്പെടെ) | 74216607 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64739923 |
| വരവിനങ്ങളിലുള്ള നഷ്ടം : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ :<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക : | 119080 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : | 135000 |

(ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 39774 | വിജയകുമാരിയമ്മ എം ജി,<br>അസിസ്റ്റന്റ് എഞ്ചിനീയർ,<br>ലേഖ.സി.എസ്.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>(തുല്യ ഉത്തരവാദികൾ) |
| 3-2 | | 13306 | വിജയകുമാരിയമ്മ എം ജി,<br>അസിസ്റ്റന്റ് എഞ്ചിനീയർ,<br>ലേഖ.സി.എസ്.<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>(തുല്യ ഉത്തരവാദികൾ) |

| | | | |
|---|---|---|---|
| | | | |
| 3-7 | | 66000 | ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, സെക്രട്ടറി<br>സുമാദേവി, വൈസ് പ്രസിഡന്റ്<br>മേരിക്കുട്ടി ഗീവർഗ്ഗീസ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ<br>എം.എൻ.ഭാസ്കരൻ നായർ, മെമ്പർ<br>സി.എൽ.ജാനകി, മെമ്പർ<br>അംബിക.വി, മെമ്പർ<br>മനോജ്.കെ.എൻ, മെമ്പർ<br>ഉഷാ ഗുരുവരൻ, മെമ്പർ<br>ജയാദേവി.വി.പി, മെമ്പർ<br>ജേക്കബ് ജോർജ്ജ്, മെമ്പർ<br>സാം ദാനിയൽ, മെമ്പർ<br>എസ്.രാജേന്ദ്ര പ്രസാദ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ<br>വിദ്യാധരപണിക്കർ, പ്രസിഡന്റ് |
| ആകെ | | 119080 | |

<u>തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-15 | 70000 | ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, സെക്രട്ടറി |
| 3-16 | 65000 | ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, സെക്രട്ടറി |

സി) <u>കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ,മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

--ഇല്ല--

ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

--ഇല്ല--

ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

| *പേരും ഉദ്യോഗപ്പേരും* | *ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന* | *സ്ഥിരം മേൽവിലാസം* |
|---|---|---|

| | | |
|---|---|---|
| | *സമയം) ഔദ്യോഗിക മേൽവിലാസം* | |
| വിജയകമാരിയമ്മ എം ജി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>മലയാലപ്പുഴ ഗ്രാമ പഞ്ചായത്ത് | ആയിത്തിരിക്കൽ<br>പട്ടകോട്ടുക്കൽ<br>തട്ടയിൽ പി ഒ<br>അടൂർ |
| ലേഖ.സി.എസ്.,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി. ഡിവിഷൻ, വർക്കല ബ്ലോക്ക് പഞ്ചായത്ത് | അഞ്ജലി, ചെട്ടിവിള, വെൺകോട് പി.ഒ, വട്ടപ്പാറ |
| സുമാദേവി, വൈസ് പ്രസിഡന്റ് | | ശ്രീ രാഘവാലയം, പൊങ്ങലടി, പറന്തൽ പി.ഒ. |
| മേരിക്കുട്ടി ഗീവർഗ്ഗീസ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | | മെറിലാന്റ്, തട്ടയിൽ പി.ഒ. |
| എം.എൻ.ഭാസ്കരൻ നായർ, മെമ്പർ | | പൗർണ്ണമി, കീരുകുഴി പി.ഒ, ഭഗവതിക്കുംപടിഞ്ഞാറ് |
| സി.എൽ.ജാനകി, മെമ്പർ | | ചരുവിളയിൽ, പറന്തൽ പി.ഒ., മന്നംനഗർ |
| അംബിക.വി, മെമ്പർ | | കണ്ണൻകുന്നിൽ വടക്കേതിൽ, പറന്തൽ പി.ഒ., മന്നംനഗർ |
| മനോജ്.കെ.എൻ, മെമ്പർ | | തൈത്തോലിൽ വടക്കേതിൽ, തട്ടയിൽ പി.ഒ, മല്ലിക |
| ഉഷാ ഗുരുവരൻ, മെമ്പർ | | കുഴവേലിൽ പുത്തൻവീട്, പാറക്കര പി.ഒ., തട്ടയിൽ |

| | | |
|---|---|---|
| ജയാദേവി.വി.പി, മെമ്പർ | | വാഴക്കൂട്ടത്തിൽ കിഴക്കേതിൽ, തട്ടയിൽ പി.ഒ., മല്ലിക |
| ജേക്കബ് ജോർജ്ജ്, മെമ്പർ | | ഇടക്കുന്നിൽ, കീരുകഴി.പി.ഒ. |
| സാം ദാനിയൽ,<br>ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | | മാവിള തെക്കേതിൽ,<br>പറന്തൽ പി.ഒ., പൊങ്ങലടി |
| എസ്.രാജേന്ദ്ര പ്രസാദ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | | തെക്കേച്ചരുവിൽ വീട്, പട്ടകോട്ടക്കൽ, തട്ടയിൽ പി.ഒ. |
| വിദ്യാധരപണിക്കർ, പ്രസിഡന്റ് | | നെയ്യകുളത്ത് വീട്,<br>തട്ടയിൽ പി.ഒ, മല്ലിക |
| ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ, സെക്രട്ടറി | സെക്രട്ടറി<br>പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് | മേടയിൽ വീട്,<br>പള്ളിക്കൽ പി.ഒ., നൂറനാട്, പത്തനംതിട്ട |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ. എഫ് പി റ്റി എ പി3/63/97 തീയതി 15.09.98 |
| 1998-99 | എൽ. എഫ് പി റ്റി എ പി2/730/01 തീയതി 10.01.03 |
| 1999-00 (ചെലവ്) | എൽ. എഫ് പി റ്റി എ പി2/729/01തീയതി. 25.09.02 |
| 1999-00 (ഡി.സി.ബി) | എൽ. എഫ് പി റ്റി എ പി4/244/06 തീയതി 07.11.07 |

| | |
|---|---|
| | |
| 2000-01 | എൽ. എഫ് പി റ്റി എ പി4/254/06 തീയതി. 07.11.07 |
| 2001-02 | എൽ. എഫ് പി റ്റി എ പി4/802/06 തീയതി 23.03.07 |
| 2002-03 (വരവ്) | എൽ. എഫ് പി റ്റി എ പി4/233/07 തീയതി 08.08.07 |
| 2002-03 | എൽ. എഫ് പി റ്റി എ പി4/1111/07തീയതി 27.12.07 |
| 2003-04 | എൽ. എഫ് പി റ്റി എ പി7/39(A)09 തീയതി 26.07.10 |
| 2004.05 | എൽ. എഫ് പി റ്റി എ പി7/39(B)09 തീയതി 22.11.11 |
| 2005-06 | എൽ. എഫ് പി റ്റി എ പി4/761/10 തീയതി 28.11.11 |
| 2006-07 | എൽ. എഫ് പി റ്റി എ പി5/334/11തീയതി 14.09.12 |
| 2007-08 to 2010-11 | എൽ. എഫ് പി റ്റി എ പി5/1111/12 തീയതി 06.06.13 |
| 2011-12 & 2012-13 | എൽ. എഫ് പി റ്റി എ പി11/150/04/14 തീയതി 10.11.14 |
| 2013-14 | എൽ. എഫ് പി റ്റി എ പി11/454/15 തീയതി 25.07.15 |
| 2014-15 | എൽ. എഫ് പി റ്റി എ പി11/853/16തീയതി 27.07.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

# Annexure 1

# AUDIT CERTIFICATE

No.KSA/PTA/P11/1385/2016 Dated 10/01/2017

Certified that I have examined the Annual Financial Statement of Pandalam Thekkekkara Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pandalam Thekkekkara Grama Panchayat for the year 2015-16 except the obeservations in this report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി11/1385/2016 തീയതി 10-01-2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട